## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4942 22.05.2017 - ൽ മറുപടിക്ക്

## കാലാവധിക്കുള്ളിൽ പ്രവൃത്തികൾ പൂർത്തിയാക്കാത്ത കരാറുകാരിൽ നിന്നും പിഴ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എൻ. ഷംസുദ്ദീൻ : | | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | കാലാവധിക്കുള്ളിൽ പൊതുമരാമത്ത് പ്രവൃത്തികൾ പൂർത്തിയാക്കാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കുവാൻ പൊതുമരാമത്തു മാന്വലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ ; | (എ) | കാലാവധിക്കുള്ളിൽ കരാറുകാരന്റെ കാരണത്താൽ പ്രവൃത്തികൾ പൂർത്തിയാക്കാത്ത സാഹചര്യത്തിൽ കരാറുകാരിൽ നിന്നും പിഴ ഈടാക്കുന്നതിന് മാന്വലിൽ വ്യവസ്ഥ ഉണ്ട്. |
| (ബി) | എങ്കിൽ ഇതുപ്രകാരം കഴിഞ്ഞ സാമ്പത്തികവർഷം എത്ര കരാറുകാരിൽ നിന്നും പിഴ ഈടാക്കിയിട്ടുണ്ട് ; | (ബി) | കെ. എസ്. ടി. പി - യിൽ കരാറുകാരിൽ നിന്നും കഴിഞ്ഞ സാമ്പത്തിക വർഷം പിഴ ഈടാക്കിയിട്ടില്ല. ദേശീയപാത വിഭാഗത്തിനു കീഴിൽ കഴിഞ്ഞ സാമ്പത്തിക വർഷം 12 കരാറുകാരിൽ നിന്നും, നിരത്ത് വിഭാഗത്തിൽ 361 കരാറുകാരിൽ നിന്നും, കെട്ടിട വിഭാഗത്തിൽ 144 കരാറുകാരിൽ നിന്നും പിഴ ഈടാക്കിയിട്ടുണ്ട്. |

(സി) ഇങ്ങനെയുള്ള കരാറുകാർ പൊതുമരാമത്തു പ്രവൃത്തികൾ ഏറ്റെടുക്കുന്നത് തടയുന്നതിന് നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ ?

(സി) കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ 2012 ക്ലോസ് 2116.2 - ൽ പ്രവർത്തി ഏറ്റെടുത്തിട്ട് വേണ്ടത്ര പുരോഗതി കോൺട്രാക്ടറുടെ ഭാഗത്തുനിന്ന് ഇല്ലാതെ വരികയോ അല്ലെങ്കിൽ ടൈം ഓഫ് കംപ്ലീഷൻ കാലാവധി നീട്ടിയിട്ട് അതിനുള്ളിൽ പ്രവർത്തി തീർക്കാതെ വരുകയോ ആണെങ്കിൽ എഗ്രിമെന്റ് അതോറിറ്റി ആ കോൺട്രാക്ടറെ ടെർമിനേറ്റ് ചെയ്ത് കോൺട്രാക്ടറുടെ റിസ്ക് ആന്റ് കോസ്റ്റിൽ പണി റീ-അറേഞ്ച് ചെയ്യുവാൻ വ്യവസ്ഥയുണ്ട്. കൂടാതെ ഇത്തരത്തിൽ സ്ഥിരമായി കോൺട്രാക്റ്റിൽ വീഴ്ച്ച വരുത്തുന്ന കരാറുകാരെ ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**